" ഭരണ ഭാഷ മാതൃഭാഷ "

<u>വളരെ അടിയന്തിരം</u>

<u>സമയബന്ധിതം</u>

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഐ2/26367/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 12.10.2017.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് –പ്ലാനിംഗ് - പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ അവാർഡ് നൽകുന്നത്- പുതുക്കിയ സമയക്രമങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഐ2/26367/17 നമ്പരായുള്ള 06.10.2017 –ലെ ചുറ്ററിയിപ്പ്.

-------------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നവംബർ 9 ന് നാഷണൽ എന്റർപ്രൂണർഷിപ്പ് ഡേ ആചരിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതുമായി ബന്ധപ്പെട്ട് 'ബെസ്റ്റ് ഇന്നവേഷൻ' അവാർഡ് നൽകുന്നതിലേക്കായി വിവിധ സമയക്രമങ്ങൾ സൂചന പ്രകാരം അറിയിച്ചിരുന്നു.

11.10.2017-ന് ചേർന്ന പ്രിൻസിപ്പൽ കോൺഫറൻസിൽ മുൻപ് നിശ്ചയിച്ച് നൽകിയിട്ടുള്ള സമയക്രമങ്ങളിൽ മാറ്റം വരുത്തണമെന്ന് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരും പ്രിൻസിപ്പാൾമാരും അഭ്യർത്ഥിച്ചിരുന്നു. ഇതു പരിഗണിച്ച് ഇന്നവേഷൻ അവാർഡുമായി ബന്ധപ്പെട്ട സമയക്രമങ്ങൾ താഴെപറയും പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം അറിയിക്കുന്നു.

| ക്രമ നമ്പർ | സമയക്രമം | മുൻപ് നിശ്ചയിച്ചിരുന്ന തീയതി | പുതുക്കി നിശ്ചയിച്ചിട്ടുള്ള തീയതി |
|---|---|---|---|
| 1 | പ്രബന്ധം/മോഡൽ അതാത് സ്ഥാപന മേധാവികൾ അതാത് ജില്ലാതല നോഡൽ ഐ.ടി.ഐ കളിൽ എത്തിക്കേണ്ട അവസാന തീയതി | 20.10.2017 | 25.10.2017 |
| 2 | പ്രബന്ധങ്ങളുടെ വിലയിരുത്തൽ | 20.10.2017 | 25.10.2017 |
| 3 | കണ്ടുപിടുത്തങ്ങളുടെ വിലയിരുത്തൽ | | |
| | a) ജില്ലാതലം | 25.10.2017 | 30.10.2017 |
| | b) മേഖലാതലം | 30.10.2017 | 05.11.2017 |
| | c) സംസ്ഥാനതലം | 05.11.2017 മുതൽ 06.11.2017 വരെ | 06.11.2017 |

കണ്ടുപിടുത്തങ്ങളുടെ പ്രദർശനം വിലയിരുത്തൽ, അവാർഡ് ദാന ചടങ്ങ് എന്നിവ മുൻനിശ്ചയിച്ച തീയതികളിൽതന്നെ നടക്കുന്നതാണ്.

പ്രബന്ധങ്ങൾ സമർപ്പിക്കേണ്ട തീയതി ദീർഘിപ്പിച്ച വിവരം തങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അറിയിക്കേണ്ടതാണ്. പുതുക്കിയ സമയക്രമ പ്രകാരം ടി വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ്ങ്മാർക്കും
എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ്
വകുപ്പ് വെബ്സൈറ്റിലേക്ക്.

എസ്.എച്ച്. 12.10.2017